CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വൈദികനേതൃത്വം എവിടെ?

Christian Musicological Society of India

www.TheCMSIndia.org

മാത്യു എം. വി. മാപ്പുംചേരിൽ

മാർത്തോമ്മായോഗം പ്രസിദ്ധീകരണം No. 5

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

## പ്രസിദ്ധീകരണം


തോമസ് ജോസഫ് കുരിശുങ്കൽപറമ്പിൽ
സെക്രട്ടറി, മാർത്തോമ്മായോഗം കേന്ദ്രകമ്മിറ്റി.
മൂന്നിലവ് പി.ഒ., 686 586
കോട്ടയം ജില്ല.

Published on 30-9-'96


## മാർത്തോമ്മായോഗം പ്രസിദ്ധീകരണങ്ങൾ

1. പള്ളിയോഗം - പ്രത്യേകനിയമങ്ങൾ ഒരു പഠനം
2. സീറോമലബാർ സഭയിലെ സഹൃദയരോട്
3. വൈദികപരിശീലനം, ചില ആനുകാലിക പ്രശ്നങ്ങൾ. ഒന്നാംഭാഗം - ആലുവാസെമിനാരി
4. പിളർപ്പിനായുള്ള 'ദിവ്യോ'പദേശങ്ങൾ
5. വൈദികനേതൃത്വം എവിടെ?

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

# അവതാരിക

1996 ആഗസ്റ്റ് 21-ാം തീയതി സീറോമലബാർ സഭയിലെ ചില വൈദികരുടെ നേതൃത്വത്തിൽ എറണാകുളം അതിരൂപതവക റിന്യൂവൽ സെൻററിൽ യോഗം ചേർന്ന് മാർ പവ്വത്തിലിനെ മേജർ ആർച്ചുബിഷപ്പാക്കുവാനുള്ള നീക്കത്തിനെതിരെ സർവ്വശക്തിയുമുപയോഗിച്ച് പ്രതിഷേധിക്കുവാൻ നിശ്ചയിച്ചു. തുടർന്ന്, എറണാകുളം ബസ്സിക്കായിൽ സംഘടിച്ച് എഴുപത്തിമൂന്നു വൈദികർ (മഹാഭൂരിപക്ഷവും എറണാകുളം അതിരൂപതക്കാർ) തെരുവിലിറങ്ങി പ്രകടനം നടത്തുകയും, പൗരസ്ത്യകാര്യാലയത്തേയും ഈ സഭയിലെതന്നെ പ്രഗത്ഭനായ മറ്റൊരു മെത്രാപ്പോലീത്തയായ മാർ ജോസഫ് പവ്വത്തിലിനെ വ്യക്തിപരമായും തേജോവധം ചെയ്ത് പത്രവാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ സംഭവത്തിൽ അല്മായരായ ഞങ്ങൾക്കുള്ള അതീവ ദുഃഖം ഞാൻ തന്നെ മേജർ ആർച്ചുബിഷപ്പിനെ ധരിപ്പിക്കുകയുണ്ടായി. മാർത്തോമ്മായോഗത്തിനുവേണ്ടി എറണാകുളം അതിരൂപതാഘടകം സെക്രട്ടറി 'പാപപരിഹാരദിനം' ആഹ്വാനം ചെയ്യുകയും വൈദികരുടെ ഇടർച്ച എന്ന വലിയ പാപത്തിൽ മനംനൊന്ത് വിശ്വാസികൾ സെപ്തംബർ ഏഴാം തീയതി ഉപവാസദിനം ആചരിക്കയും ചെയ്തു. എന്നാൽ ബസ്സിക്കാ വികാരി നേതൃത്വംകൊടുത്ത് നടത്തിയ പ്രകടനത്തിന് ദൈവജനം എതിരാണെന്നു മനസ്സിലാക്കിയപ്പോൾ കുറെ ജനങ്ങളെയെങ്കിലും തങ്ങളുടെ പാപത്തിൽ പങ്കുകാരാക്കി 'രക്ഷ'പ്പെടാനായിരുന്നു തുടർന്നുള്ള പരിശ്രമം. സെപ്തംബർ 8-ാം തീയതി ഞായറാഴ്ച ബസ്സിക്കായിൽ വി. കുർബാന കഴിഞ്ഞ് ജനം പുറത്തേക്കിറങ്ങിയപ്പോൾ അവർക്കു മുമ്പിൽ പിടിച്ച ബാനറും അവിടെ ഉയർത്തിയ പ്ലക്കാർഡുകളും പത്രവാർത്തയ്ക്കു ഉപയോഗിച്ചതിൻെറ ഔചിത്യം മനസ്സിലാക്കാവുന്നതേയുള്ളൂ. "കൽദായവാദം ബഹിഷ്ക്കരിക്കുക, ഞങ്ങൾ കൽദായരല്ല, ഞങ്ങൾ ഭാരതീയർ" എന്ന ബാനർ പ്രഥമദൃഷ്ട്യാ നിർദ്ദോഷമാ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

യിത്തോന്നുകയും ചെയ്യും. മുകളിൽ പറഞ്ഞ രണ്ടു പ്രകടനങ്ങളെ സശ്രദ്ധം വീക്ഷിച്ച എനിക്ക്, ആചാര്യന്മാരുടെ തരംതാണ നടപടികളോട് പ്രതികരിക്കുവാൻ മനഃസാക്ഷിയിൽ വളരെ ശക്തമായ പ്രേരണയുണ്ടായി. ക്രമസമാധനപ്രശ്നങ്ങൾ സൃഷ്ടിച്ച് സഭയുടെ അന്തസ് നശിപ്പിക്കരുതല്ലോ എന്നു കരുതി ആത്മസംയമനം പാലിച്ചു.

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലും പരിശുദ്ധ റോമാസിംഹാസനത്തിൻെറ നിർദ്ദേശങ്ങളിലും അഭിപ്രായവ്യത്യാസത്തിൻെറ സ്വരങ്ങൾ പരസ്യാവതരണത്തിന് വഴിയൊരുക്കരുതെന്നും, സഭയുടെ വേദികളിൽ മാത്രമേ അവതരിപ്പിക്കാവൂ എന്നും വ്യക്തമായ താക്കീതുകൾ ഉള്ളതാണ്. "To take disciplinary measures against those Syro-Malabarians, particularly priests, who write and divulge vilifying literature or act in any way that cause scandal and division in the church" (Synodal News N0.2 P.31). എന്നാൽ, അവയെ അവഗണിച്ചുകൊണ്ട് വൈദികർ പരസ്യപ്രകടനവും പ്രസ്താവനയും നടത്തിയും നടത്തിച്ചും മുന്നോട്ടുപോകുന്നതിൽ അല്മായർ ആശ്ചര്യപ്പെടുന്നു! വിശ്വാസസമൂഹത്തിൽ നിലനില്ക്കേണ്ട അനുസരണവും അച്ചടക്കവും അപ്രത്യക്ഷമാവുകയാണോയെന്ന് ഞങ്ങൾ അല്മായർ ബലമായി സംശയിക്കുന്നു. റോമിനെ ധിക്കരിക്കുവാൻ, മെത്രാന്മാരെ ഒറ്റപ്പെടുത്തി തേജോവധം ചെയ്യുവാൻ വൈദികർക്ക് അവകാശമുണ്ടെങ്കിൽ ഞങ്ങൾക്ക് നിങ്ങളെ ധിക്കരിക്കാനും മടിക്കേണ്ടതില്ലല്ലോ.

കുറ്റക്കാരുടെമേൽ നടപടി സ്വീകരിച്ച് ദൈവജനത്തിന് നഷ്ടമായ ആത്മവിശ്വാസം പകർന്നു നല്കേണ്ട മേജർ ആർച്ചുബിഷപ്പ് പുലർത്തുന്ന നിഷ്ക്രിയത്വത്തിലും വിശ്വാസികൾക്കുള്ള കുണ്ഠിതം ഒത്തിരിവലുതാണ്. ഈ പ്രത്യേകസാഹചര്യത്തിലാണ് 'വൈദികനേതൃത്വം എവിടെ?' ദൈവജനത്തിന് സമർപ്പിക്കുക.

*ഈട്ടിത്തോപ്പ്,*
*30-9-1996*

*ഷാജി പള്ളിവാതുക്കൽ*
*പ്രസിഡൻറ്, മാർത്തോമ്മായോഗം*
*ഈട്ടിത്തോപ്പ് പി.ഒ.*
*ഉപ്പുകണ്ടം - 686 510, ഇടുക്കി.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

# വൈദികനേതൃത്വം എവിടെ?

## 1. ആമുഖം

സീറോമലബാർ സഭയുടെ ആധുനികകാലചരിത്രത്തിലെ അപമാനകരമായ ദിവസമേതെന്ന് കൃത്യമായും നിർണ്ണയിക്കപ്പെട്ടു. 1996 ഓഗസ്റ്റ് 21. വൈദികർ രാഷ്ട്രീയശൈലി സ്വീകരിച്ചുകൊണ്ട് തെരുവിൽ പ്രകടനം നടത്തിയ ദിവസമാണത്. എറണാകുളം അതിരൂപതയിലെ കുറെ വൈദികർ സീറോമലബാർ സഭയിലെ വൈദികസമൂഹത്തിന്റെ പേരിൽ അന്നേദിവസം എറണാകുളം ബസ്സിക്കായിൽനിന്നും ഇറങ്ങി പ്രകടനം നടത്തി ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ വസതിയിലെത്തി നിവേദനം സമർപ്പിച്ചു. "ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിലിനെ സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി നിയമിക്കാനുള്ള നീക്കത്തിനെതിരായ പ്രതിഷേധം മറനീക്കി പുറത്തുവന്ന" (മാതൃഭൂമി 1996 ഓഗസ്റ്റ് 22 പേജ് 5)തിന്റെ വാർത്ത ഫോട്ടോയോടുകൂടി ദിനപത്രങ്ങളിൽ സ്ഥാനം പിടിച്ചു.

## 2. ഇടർച്ചതന്നെ വലിയപാപം

കത്തോലിക്കാസഭകൾ അച്ചടക്കത്തിന്റേയും കെട്ടുറപ്പിന്റേയും കാര്യത്തിൽ പ്രശംസനീയമായ നിലവാരം പുലർത്തിയിരുന്നു. മാർപ്പാപ്പായുടെ നേതൃത്വത്തിൻകീഴിൽ ഏകയോഗമായി സമ്മേളിച്ചവരാണല്ലോ അവർ. മെത്രാന്മാരുടേയും ആർച്ചുഡീക്കന്മാരുടെയും നേതൃത്വത്തിൻകീഴിൽ അഭിമാനപൂർവ്വം ജീവിച്ച ചരിത്രമാണ് സീറോമലബാർ സഭയ്ക്കുള്ളത്. ഇപ്പോൾ ആ ധന്യപാരമ്പര്യം കൈമോശം വന്നിരിക്കുന്നു. നമ്മുടെ സഭയെ ഇതര ക്രൈസ്തവ സമൂഹങ്ങളുടെ ഇടയിൽ അപഹാസ്യവിഷയമാക്കുകയും ഇതര

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സമുദായങ്ങളുടെ മുമ്പിൽ അപമാനിക്കുകയും ചെയ്ത ഒരു വലിയ അപരാധമാണ് തെരുവുപ്രകടനം നടത്തിയ വൈദികർ ചെയ്തിരിക്കുന്നത്. "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ചവരുത്തുന്നവൻ ആരോ അവൻെറ കഴുത്തിൽ തിരികല്ല് കെട്ടിത്തൂക്കി സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തപ്പെടുന്നത് അവന് നന്നായിരുന്നു" (മത്താ. 18:6). ഇടർച്ച എന്ന വലിയപാപത്തിൻെറ ഗൗരവം ഈശോ ഈ വാക്കുകളിലൂടെ വ്യക്തമാക്കി. സഭയിൽ നിലനില്ക്കുന്ന അനൈക്യത്തിന് പരിഹാരം കാണാൻ പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് അവരുടെ അജപാലകരുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം അനുഷ്ഠിക്കേണ്ട അവസ്ഥയും വന്നിരിക്കുന്നു.

## 3. തെറ്റു ചെയ്യുന്നതിൽ അഭിമാനിക്കുന്നവർ

സീറോമലബാർ മേജർ ആർച്ചുബിഷപ്പിൻെറ ഭദ്രാസന ദൈവാലയംകൂടിയായ എറണാകുളം സെൻറ് മേരീസ് ബസ്സിലിക്കായുടെ വികാരി ഫാ. ജോസ് നെല്ലിശ്ശേരിയുടെ നേതൃത്വത്തിലായിരുന്നു ഓഗസ്റ്റ് 21-ാം തീയതിയിലെ പ്രകടനവും ഇതരപരിപാടികളും. ഇത്തരം വിലകുറഞ്ഞ പരിപാടികൾക്ക് നേതൃത്വം നല്കിയ അദ്ദേഹം തുടർന്നുള്ള ദിവസങ്ങളിൽ, തൻെറ പാപത്തിന് ന്യായീകരണവുമായി പത്രമാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. അത്മായരെ പാപത്തിൽ പങ്കുചേർത്ത് തൻെറകൂടെ നിറുത്തുവാൻ - "അഴുക്കാക്കി, വെടുക്കാക്കി, തനിക്കാക്കുവാൻ" - സെപ്തംബർ 8-ാം തീയതി അല്മായരുടെ പ്രകടനത്തിന് ചുക്കാൻ പിടിക്കുവാൻ തയ്യാറാകുന്നു. പോരാഞ്ഞിട്ട്, വിവിധതലങ്ങളിൽ ബോധവൽക്കരണ യോഗങ്ങൾ വിളിച്ച് നുണപ്രചരണങ്ങൾ നടത്തി, താനും അനുചരന്മാരും പുലർത്തുന്ന താല്പര്യങ്ങൾക്ക് അനുഭാവികളെ സൃഷ്ടിക്കുവാനും ശ്രമിക്കുന്നു. ഓൾഇൻഡ്യാ കാത്തലിക് അസോസിയേഷൻ, മലബാർ ചർച്ച് ആക്ഷൻ കൗൺസിൽ, ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി തുടങ്ങിയ പേരുകളിൽ പിന്നിട്ട ഒന്നരമാസക്കാലം കണ്ട പത്രറിപ്പോർട്ടുകളും ലഘുലേഖകളും തെറ്റുചെയ്യുന്നതിൽ അഭിമാനിക്കുന്നവരുടെ വാദമുഖങ്ങൾ എത്ര അടിസ്ഥാനരഹിതമെന്ന് വെളിവാക്കുന്നു. ഏതായാലും ബസ്സിലിക്കാ വികാരിയുടെ



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കടിഞ്ഞാണില്ലാത്ത നീക്കങ്ങളും പ്രസ്താവനകളും എറണാകുളം അതിരൂപതയ്ക്കുതന്നെ തീരാകളങ്കമാണ് വരുത്തുന്നതെന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

## 4. ഞങ്ങൾ ആരെ അനുസരിക്കണം

മാർപ്പാപ്പായേയും സീറോമലബാർ സഭാസിനഡിനേയും ഞങ്ങൾ അനുസരിക്കണമല്ലോ. മാർപ്പാപ്പായേയും അദ്ദേഹത്തിനുവേണ്ടി നമ്മുടെ സഭയുടെ ചുമതലകൾ നിർവഹിക്കുന്ന പൗരസ്ത്യസംഘത്തേയും ധിക്കരിച്ചുകൊണ്ട്, സമരംചെയ്യാൻ വൈദികർ പറഞ്ഞാൽ അതനുസരിക്കാൻ ബുദ്ധിമുട്ടുണ്ട്. പൗരസ്ത്യസംഘത്തിൻെറ അധികാരത്തെ ചോദ്യം ചെയ്യുകയും അതേസമയം സഭാസ്നേഹികളെന്ന് അവകാശപ്പെടുകയും ചെയ്യുന്ന ഏതാനും അല്മായരെ കൂട്ടുപിടിച്ചുകൊണ്ട് ഉപജാപപ്രവർത്തനങ്ങളിൽ മുഴുകുന്ന വൈദികരുടെ ആത്മാർത്ഥതയിൽ ഞങ്ങൾക്ക് സംശയം തോന്നുന്നു. സഭാധികാരത്തെ ധിക്കരിക്കുവാൻ ആവശ്യപ്പെട്ട വൈദികരെക്കുറിച്ച് ഞങ്ങൾക്ക് ഉത്ക്കണ്ഠയുണ്ട്. അധികാരികളിൽ ദൈവത്തെ കാണാൻ ഞങ്ങളെ പഠിപ്പിച്ച ആചാര്യന്മാരെന്തേ കണ്ണടച്ച് ഇരുട്ടാക്കുന്നു? എല്ലാറ്റിലും ദൈവകരം കാണാൻ പഠിപ്പിച്ച ഞങ്ങളുടെ ഇടയന്മാരെന്തേ പിന്തിരിഞ്ഞോടുന്നു? ഏതായാലും പൗരസ്ത്യസംഘത്തേയും അതുവഴി മാർപ്പാപ്പായേയും തള്ളിപ്പറഞ്ഞ് നിങ്ങളുടെ പിന്നണി ചേരാൻ ഞങ്ങളെ കിട്ടില്ല. ഒരേ കാര്യത്തെക്കുറിച്ച് വ്യത്യസ്തമായ പഠനങ്ങൾ അധികാരികൾ തന്നാൽ ഉന്നതാധികാരത്തെ അനുസരിക്കുക എന്നതാണല്ലോ നിയമം. “നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്വിട്ട് ആരെങ്കിലും നിങ്ങളോട് അറിയിക്കുന്നുവെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ”(ഗലാ. 1:9).

## 5. സഭാനേതൃത്വം ഭയപ്പെടുന്നോ?

രാഷ്ട്രീയ പാർട്ടിക്കാരെപ്പോലും ലജ്ജിപ്പിക്കുമാറ് തെരുവിൽക്കൂടി പ്രകടനംനടത്തിയ വൈദികരുടെ നടപടി കണ്ടിട്ട് നിശബ്ദത പാലിക്കുന്ന രൂപതാ നേതൃത്വത്തിൻെറ മനോഭാവം ഞങ്ങളിൽ നടുക്കമുളവാക്കുന്നു. അഭിവന്ദ്യ ശ്രേഷ്ഠ മെത്രാപ്പോലീത്താ തിരുമേനി, കുറ്റക്കാരുടെമേൽ നടപടിയെടുക്കുവാൻ അങ്ങ്



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഭയപ്പെടുന്നുവോ? അങ്ങും അങ്ങയുടെ സഹായിയും ഉത്തരവാദി ത്വത്തിൽനിന്നും പിന്നോക്കം പോയാൽ, വൈദികരുടെ വിചാരശൂന്യമായ പ്രവർത്തനങ്ങളിൽ മനസ്സുമടുത്ത് അല്മായരായ ഞങ്ങൾ പ്രത്യക്ഷനിസഹകരണനയങ്ങൾ സ്വീകരിക്കുവാൻ നിർബ്ബന്ധിതരാകും. അപ്പോൾ, ഞങ്ങളെ നിയന്ത്രിക്കാനും ശാസിക്കുവാനും ഞങ്ങൾക്ക് അനുസരണയുടെ സന്ദേശം തരുവാനും ധാർമ്മികമായ അവകാശം ഞങ്ങളുടെ നേതൃത്വത്തിന് ഉണ്ടായിരിക്കയില്ല എന്നു കൂടി എളിമയോടെ അറിയിക്കട്ടെ. എറണാകുളം അതിരൂപതയിൽ അച്ചടക്കരാഹിത്യവും അനുസരണക്കേടും നാൾക്കുനാൾ വർദ്ധിച്ചുവരികയായിരുന്നു എന്ന് വസ്തുതകളെ വിലയിരുത്തുമ്പോൾ ബോധ്യമാകുന്നു. ആരാധനക്രമകാര്യത്തിൽ തന്നെ, റോമിൽനിന്നുള്ള സകലനിർദ്ദേശങ്ങളേയും അവഗണിച്ചുതള്ളിയത് ഈ രൂപതയാണല്ലോ. മാത്രമല്ല, ലഘുലേഖകൾ, പത്രമാസികകൾ, സത്യദീപം എന്നിവയിലൂടെയും സ്റ്റഡി ക്ലാസ്സുകളിലൂടെയും എതിർപ്രചരണം നടത്തിപ്പോന്നു. സഭയുടെ ഔദ്യോഗിക കുർബാന തക്സ ഉപയോഗിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുന്ന പള്ളികൾ തന്നെ വിരളമാണ്. സഭയുടെ നിയമങ്ങളും പ്രബോധനങ്ങളും ധിക്കരിച്ചും, ഔദ്യോഗിക ടെക്സ്റ്റുകളെ അവഗണിച്ചും ഓരോ പുരോഹിതനും സ്വന്തം പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തുന്ന നിഷേധാത്മകരീതിയാണ് വളർന്നു വന്നത്. സാർവ്വത്രിക സഭയിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരു പ്രതിഭാസമാണിത്. പരിശുദ്ധ കുർബാനയ്ക്കും സഭയുടെ ഔദ്യോഗികപ്രാർത്ഥനയായ യാമപ്രാർത്ഥനകൾക്കും നല്കേണ്ട പ്രാധാന്യം നല്കാതെ, ഓരോരുത്തർക്കും ഇംബമായിത്തോന്നുന്ന ഭക്താഭ്യാസങ്ങളുമായി മുന്നോട്ടുപോകുന്ന അവസ്ഥയാണ് ഇന്നുള്ളത് എന്നു പറഞ്ഞാൽ അതിശയോക്തിയില്ല.

സഭയിലെ ശ്രേഷ്ഠവ്യക്തികൾക്കും, പൗരസ്ത്യസംഘത്തിനുമെതിരായി കുപ്രചരണങ്ങൾ നടത്തുക എന്നതും എറണാകുളത്തെ വൈദികർ നേതൃത്വം നല്കുന്ന മാധ്യമങ്ങളുടെ സ്ഥിരം പരിപാടിയാണല്ലോ. ഈ പ്രവണതകൾക്ക് മകുടം ചാർത്തുന്നതാണ് ഇപ്പോൾ നടന്നിരിക്കുന്ന പ്രകടനാഭാസങ്ങൾ.

ഇവിടെയാണ് ഒരു ചോദ്യമുയരുന്നത്. നാളിതുവരെ അതി



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രൂപതയിലെ വൈദികരിൽ ഉണ്ടായ അച്ചടക്കരാഹിത്യത്തിനെതിരെ രൂപതാനേതൃത്വം എന്തു നടപടി എടുത്തു? അച്ചടക്ക നടപടി ഒന്നും ഉണ്ടായില്ല എന്നു മാത്രമല്ല, അവരെ പ്രോത്സാഹിപ്പിക്കുന്ന രീതി സ്വീകരിക്കുന്നു എന്ന ആക്ഷേപവും ഇപ്പോൾ ഉയരുന്നുണ്ട്. പ്രകടനക്കാർ നല്കിയ മെമ്മോറണ്ടവുമായി ശ്രേഷ്ഠ മെത്രാപ്പോലീത്താ റോമിൽ പോയി എന്ന്, നേതൃത്വം കൊടുത്ത വൈദികൻതന്നെ പലവേദികളിലും സംസാരിച്ചുകേട്ടു. ഇതു സത്യമെങ്കിൽ വളരെ ദുഃഖകരമാണ്. സീറോമലബാർ സഭയിലെ തന്നെ ഒരുവിഭാഗം മെത്രാന്മാർ ഈ ഉപജാപപ്രവർത്തനങ്ങളെ പിന്തുണക്കുന്നുവെന്നും പ്രസിദ്ധീകരണങ്ങളിലൂടെ മലബാർ ചർച്ച് ആക്ഷൻ കൗൺസിൽ അവകാശപ്പെട്ടിട്ടുണ്ടല്ലോ. ഇതിൽ സത്യമില്ലെങ്കിൽ നിഷേധിച്ചുപറയാനുള്ള തൻേറടം കാണിക്കണം. അച്ചടക്കരാഹിത്യത്തിന് വഴിമരുന്നു നല്കുന്നത് മെത്രാന്മാർ തന്നെയെങ്കിൽ സീറോമലബാർ സഭയുടെ ഭാവി ഭാസുരമാണ്!

## 6. സീറോമലബാർ സഭ പൗരസ്ത്യസഭയല്ലന്നോ?

1992 മുതൽ 'ഓശാന'യിലൂടെ "സീറോമലബാർ സഭ പൗരസ്ത്യമല്ല ഭാരതീയമാണ്" എന്ന ഒരു വാദഗതി കേൾക്കുന്നു. ഇപ്പോൾ പൗരസ്ത്യ വ്യക്തിത്വം എന്നേയ്ക്കുമായി നിഷേധിക്കാൻ ഓശാനതന്നെ 'സംവാദ'ത്തിനു വേദിയും സജ്ജീകരിക്കുന്നു. ഭാരതീയ ക്രൈസ്തവപഠന കേന്ദ്രത്തിൻെറ പ്രസിദ്ധീകരണമായ ഓശാന നടത്തുന്ന ഗവേഷണ സ്വഭാവത്തിലുള്ള ഒരു നീക്കമായി ഇതൊക്കെ മനസ്സിലാക്കാനാവും! എന്നാൽ മലബാർചർച്ച് ആക്ഷൻ കൗൺസിൽ സീറോമലബാർ സഭയുടെ പൗരസ്ത്യ സ്വഭാവം ചോദ്യം ചെയ്യുന്നതിൻെറ ഔചിത്യമെന്താണാവോ?

ഇക്കാര്യത്തെക്കുറിച്ച് പഠിക്കുമ്പോൾ സഭാവിജ്ഞാനീയത്തിൻെറ അടിസ്ഥാനതത്ത്വങ്ങളും പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയുമാണല്ലോ നമുക്ക് മാർഗ്ഗദർശകങ്ങൾ. സഭകളെ പാശ്ചാത്യം, പൗരസ്ത്യം എന്നു തിരിക്കുന്നതിന് മൂന്നു കാരണങ്ങളാണ് സഭാവിജ്ഞാനീയത്തിലുള്ളത്. ഒന്നാമത്തേത് ഭൂമിശാസ്ത്രപരം: റോമാസാമ്രാജ്യത്തിൻെറ പശ്ചിമഭാഗത്തെസഭ പാശ്ചാത്യസഭയും, പൂർവ്വഭാഗത്തെ സഭകൾ പൗരസ്ത്യസഭകളും.



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രണ്ടാമത്തെ കാരണം സാംസ്കാരികമാണ്. പാശ്ചാത്യദേശത്ത് പ്രധാനമായും റോമൻ സംസ്കാരം വളർച്ചകണ്ടപ്പോൾ, പൂർവ്വ ദേശത്ത് മിക്കഭാഗങ്ങളിലും ബൈസൻെറയിൻ (ഗ്രീക്ക്)സംസ്കാരവും; മദ്ധ്യഏഷ്യാ, ഏഷ്യാമൈനർ എന്നിവിടങ്ങളിൽ സെമിറ്റിക് (യഹൂദ)സംസ്കാരവും പ്രബലമായിരുന്നു. മൂന്നമതായി ചരിത്രകാരന്മാർ 'പൗരസ്ത്യ'മെന്ന പദം റോമാസഭയുടേതല്ലാത്ത ശ്ലൈഹിക ഉത്ഭവമുള്ള സഭകളെയെല്ലാം ഉദ്ദേശിച്ച് ഉപയോഗിക്കുന്നു. പാശ്ചാത്യദേശത്തു മുഴുവനും ശ്ലൈഹിക ഉറവിടമുള്ള സഭ റോമാസഭയാണെങ്കിൽ, അന്ത്യോക്യാ, അലക്സാണ്ഡ്രിയ, കോൺസ്റ്റാൻറിനോപ്പിൾ എന്നീ സഭകളും റോമാസാമ്രാജ്യത്തിന് പുറത്ത് വളർന്നുവന്ന പേർഷ്യ, ഇന്ത്യ എന്നിവടങ്ങളിലെ സഭകളും ഇതര ശ്ലൈഹികപാരമ്പര്യമുള്ളവയും അതിനാൽ പൗരസ്ത്യം എന്ന പേരിൽ അറിയപ്പെടുന്നവയുമാണ്.

1990-ൽ പ്രഖ്യാപിച്ചതും 1991 ഒക്ടോബറിൽ പ്രാബല്യത്തിൽ വന്നതുമായ പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമസംഹിത പൗരസ്ത്യസഭകളെ മൊത്തം അഞ്ചുപാരമ്പര്യങ്ങളിൽപ്പെടുത്തിയിരിക്കുന്നു. അവ അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, കോൺസ്റ്റാൻറിനോപ്പോളിറ്റൻ, കാൽദിയൻ എന്നിവയാണ് (കാനൻ 28). സീറോമലബാർ സഭയെ കൽദായ പാരമ്പര്യത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പാരമ്പര്യത്തിൽ പേർഷ്യയിലെ (ഇന്നത്തെ ഇറാക്ക്, ഇറാൻ, സിറിയ, ലബനോൻ, ടർക്കി, തുടങ്ങിയ രാജ്യങ്ങൾ) കൽദായസഭയും സീറോമലബാർ സഭയുമാണുള്ളത്. പൗരസ്ത്യസുറിയാനി (കൽദായ) ആരാധനക്രമമാണ് ഈ രണ്ടു സഭകളും ഉപയോഗിക്കുക. മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യമാണ് ഇവ രണ്ടിൻേറയും അടിസ്ഥാന പൊതുസ്വത്ത്. ഇവ രണ്ടും ഒരേ പാരമ്പര്യമുള്ള സ്വതന്ത്രസഭകളാണ്. ഇങ്ങനെ വ്യക്തിസഭയായി പൗരസ്ത്യകാനൻനിയമപ്രകാരം സീറോമലബാർ സഭയെ അംഗീകരിച്ചതിൻെറ ഫലമായിട്ടാണ് ഈ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയത്.

പൗരസ്ത്യസഭയായിരിക്കുന്നതിൻെറ പേരിൽ സീറോമലബാർ സഭയ്ക്ക് എന്തു ക്ഷീണം സംഭവിച്ചിട്ടാണ് സഭയുടെ പൗരസ്ത്യ അസ്തിത്വം നിഷേധിക്കുവാൻ ഈ സഭയിലെ അജ്ഞതാ



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

മൂർത്തികൾ മുന്നോട്ടുവരുന്നത്? കത്തോലിക്കാ കൂട്ടായ്മയിൽ ഇപ്പോൾ പാശ്ചാത്യമെന്നതിനുപുറമേ പൗരസ്ത്യമെന്നവിഭാഗ ത്തിലാണ് 21 സഭകളുള്ളത്. ഇന്നത്തെ നിലയിൽ പൗരസ്ത്യ സഭയല്ല എന്ന് സീറോമലബാർ സഭ അവകാശപ്പെട്ടാൽ ഈ സഭ കത്തോലിക്കാ കൂട്ടായ്മയിൽ അംഗമല്ലാതാകും.

## 7. കൽദായവൽക്കരണം

"കൽദായവാദിയെ ആർച്ചുബിഷപ്പാക്കരുത്" (ജന്മഭൂമി, 9-9-'96); "മാർ പവ്വത്തിലിനെ നിയമിക്കുന്നതിൽ എതിർപ്പ്" (കേര ളകൗമുദി, 9-9-'96); "കൽദായവൽക്കരണം ചെറുക്കും: മലബാർ ചർച്ച് കൗൺസിൽ" (മലയാളമനോരമ, 9-9-96); "Move to nominate Powathil as next major Archbishop resented" (Indian Express, 8-9-96); "LAC fears split in Church" (The Hindu, 8-9-1996) തുടങ്ങിയ ദിനപത്രങ്ങളിൽ വരുന്ന വാർത്തകളുടെ സ്വഭാവം ഒരു കാര്യം വ്യക്തമാക്കുന്നു. വാർത്ത സൃഷ്ടിക്കുന്നവരുടെ ഉള്ളിലി രുപ്പ് എന്തെന്നറിയാനും ബുദ്ധിമുട്ടില്ല. ആർച്ച് ബിഷപ്പ് പവ്വത്തിൽ കൽദായവാദിയാണ്; അദ്ദേഹം അനഭിമതനാണ് എന്നത്രേ തിരി ച്ചും മറിച്ചും പ്രസ്താവിക്കുന്നത്.

കൽദായവൽക്കരണം നടത്തും എന്ന ആരോപണമാണല്ലോ അഭിവന്ദ്യ പവ്വത്തിൽ പിതാവിനെതിരേ ഉന്നയിച്ചിരിക്കുന്നത്. എന്താണീ കൽദായവൽക്കരണം? കൽദായമല്ലാത്ത ഒന്നിനെ കൽ ദായമാക്കുന്നതല്ലേ കൽദായവൽക്കരണം, 'കൽദി' എന്ന പദ ത്തിന് അറമായ എന്ന അർത്ഥമുണ്ട്. അറമായയുടെ ക്രിസ്ത്യൻ സാഹിത്യവളർച്ചയാണല്ലോ സുറിയാനി (Syriac is the Christian Aramaic). സുറിയാനിക്ക് രണ്ടുതരം അക്ഷരങ്ങളും രണ്ടുതരം ഉച്ചാരണങ്ങളുമുണ്ട്. അങ്ങനെയാണ് പൗരസ്ത്യസുറിയാനിയും പാശ്ചാത്യസുറിയാനിയും ഉണ്ടായത്. കർത്താവിൻെറ കാലത്തെ ഉച്ചാരണവുമായി ഏറ്റവും അടുത്തുവരുന്നത് പൗരസ്ത്യസുറി യാനി അഥവാ കൽദായഭാഷയാണ്. പഴയ പൗരസ്ത്യസുറിയാനി കർമ്മക്രമങ്ങളിലൊന്നും കൽദായ എന്ന പേര് ഒരു ക്രിസ്തീയ സഭാവിഭാഗത്തെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചിട്ടില്ല. പശ്ചി മഏഷ്യയിൽ മലമ്പ്രദേശത്തു വസിക്കുന്ന നെസ്തോറിയരെയും

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സമതലങ്ങളിൽ വസിക്കുന്ന അക്രൈസ്തവരായ കൽദായരേയും സുറിയാനിക്കാരെന്ന് വിശേഷിപ്പിച്ചിരുന്നു. എന്നാൽ പൗരസ്ത്യ സുറിയാനിക്കാരെ ഒരിക്കലും കൽദായർ എന്നു വിളിച്ചിരുന്നില്ല. 1681-ൽ നെസ്തോറിയൻസിൽ ഒരുവിഭാഗം ദിയാർബക്കീറിലെ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മാർപ്പാപ്പയോട് വിധേയത്വം പ്രഖ്യാപിച്ചു. അദ്ദേഹത്തെ 'കൽദായപാത്രിയർക്കീസാ'യിട്ടാണ് മാർപ്പാപ്പാ വാഴിച്ചത്. അങ്ങനെ പുതിയ ഒരു സ്ഥാനപ്പേരും പുതിയ ഒരു സഭാവിഭാഗവുമുണ്ടായി. റോമിനെ അനുസരിക്കുന്നവരായി മാറിയ നെസ്തോറിയൻസ് തങ്ങളെ തിരിച്ചറിയാൻ കൽദായർ എന്നറിയപ്പെടുവാൻ ഇഷ്ടപ്പെട്ടു എന്നതാണ് ചരിത്രസത്യം. മാർത്തോമ്മാ നസ്രാണികളിൽ ഒരു വിഭാഗം യാക്കോബായക്കാരായി മാറിയപ്പോൾ കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചു നിന്നവരെ കൽദായരെന്നു വിളിച്ചു. 1774-ൽ അച്ചടിച്ച കുർബാന പുസ്തകത്തെ മലബാറിലെ കൽദായ തക്സാ എന്നു വിളിക്കുന്നു. ചുരുക്കത്തിൽ കത്തോലിക്കാരായ പൗരസ്ത്യസുറിയാനിക്കാർക്ക് കാലഗതിയിൽ കിട്ടിയ ഒരു പേരാണ് കൽദായർ.

'സീറോമലബാർ' എന്ന പേരും വന്നു കിട്ടിയതാണല്ലോ. 1784-നുശേഷമാണ് ഈ പേര് ഉപയോഗിച്ചു കാണുന്നത്. 1784 മുതൽ 1802 വരെ മാർത്തോമ്മാനസ്രാണികളുടെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ഈശോയുടെ അലോഷ്യസ് മേരിയുടെ കത്തുകളിലാണ് ഈ പേര് ആദ്യമായി നാം കാണുന്നത്. നാം മലബാറുകാരെന്ന് വിളിക്കപ്പെടുന്നത് ചരിത്രവസ്തുതയ്ക്ക് ചേരാത്തതും നമ്മുടെ ഉത്തമതാല്പര്യങ്ങൾക്ക് ഹാനികരവുമാണ്. ലത്തീൻകാർ, നമ്മെ പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കു ഒതുക്കിനിറുത്തിയ പ്രതിഷേധാർഹമായ ചരിത്രവസ്തുതയുടെ അനന്തരഫലമാണ് മലബാർസഭ എന്ന പേര്.

മാർത്തോമ്മാ നസ്രാണികളുടെ ആരാധനക്രമം ഉത്ഭവത്തിലും ആത്മഭാവത്തിലും പൗരസ്ത്യസുറിയാനി അഥവാ കൽദായ ആണെന്നത് സത്യമാണ്. എന്നാൽ മാർത്തോമ്മാ നസ്രാണികൾ ഉത്ഭവത്തിലോ ജാതിയിലോ വർഗ്ഗത്തിലോ കൽദായരല്ല. നമ്മുടെ ആരാധനക്രമത്തിന് കൽദായ എന്ന ഒരു പേരുള്ളതുകൊണ്ട് നാം കൽദായ പാത്രിയാർക്കായുടെ അധികാരത്തിന്



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

കീഴാകുമെന്ന ഭയത്തിനും അടിസ്ഥാനമില്ല. ഇക്കാര്യം 9-ാം പീയൂസ് മാർപ്പാപ്പാ വ്യക്തമായി പ്രഖ്യാപിച്ചു. 1897 സെപ്. 25-നു പരിശുദ്ധ സിംഹാസനം ഇക്കാര്യം വീണ്ടും സമർത്ഥിച്ചു പ്രഖ്യാപിക്കയുണ്ടായി.

ഒരേ ആരാധനക്രമം തന്നെ പല സഭകളും ഉപയോഗിക്കുന്നുണ്ട്. അക്കാരണംകൊണ്ടുമാത്രം ഒരു സഭയുടെമേൽ അതേ ആരാധനക്രമം ഉപയോഗിക്കുന്ന മറ്റൊരു സഭയ്ക്കു അധികാരം ലഭിക്കുന്നില്ല. ഉദാഹരണമായി, സീറോമലങ്കരസഭ അന്തിയോക്കിയൻ ലിറ്റർജി ഉപയോഗിക്കുന്നുണ്ടെങ്കിലും ആ സഭയുടെ കീഴിലല്ല. മാർത്തോമ്മാനസ്രാണിസഭ (സീറോമലബാർ സഭ) കൽദായസഭയുടെ പുത്രീസഭയല്ല. അതിന് സ്വന്തമായ വ്യക്തിത്വവും ആദ്ധ്യാത്മികതയും സഭാജീവിതശൈലിയുമുണ്ട്.

അപ്പോൾ, കൽദായവൽക്കരണം നടത്തുന്നു എന്ന് മാർപവ്വത്തിലിൻെറമേൽ ആരോപണം ഉന്നയിക്കുന്നവർ എന്താണ് അർത്ഥമാക്കുക? ഈ സഭയുടെ പൈതൃകം വീണ്ടെടുക്കുവാനും പരിപോഷിപ്പിക്കുവാനും സാർവ്വത്രികസഭയുടെ മനോഭാവങ്ങൾക്ക് അനുസൃതമായി അദ്ദേഹം പ്രവർത്തിക്കുന്നതാണോ കൽദായവൽക്കരണം? നമ്മുടെ ലിറ്റർജിയുടെ ധന്യത നഷ്ടപ്പെടുത്തരുതെന്നും അതിൻെറ സമ്പന്നത മനസ്സിലാക്കി ആഘോഷിക്കണമെന്നും ആഹ്വാനം ചെയ്യുന്നതാണോ കൽദായവൽക്കരണം? 'ഭാരതീയലിറ്റർജി' എന്ന ഇല്ലാത്ത കുഞ്ഞിൻെറ ജാതകവുമെഴുതി, മാർത്തോമ്മായുടെ പാരമ്പര്യത്തിലുള്ള സഭകളുടെ പൊതുസ്വത്തായ പൗരസ്ത്യ സുറിയാനി ലിറ്റർജിയെ തള്ളിപ്പറയുന്നവർ ആരാധനക്രമങ്ങളുടെ ചരിത്രപഠനത്തിൽ ഒട്ടും ആത്മാർത്ഥത കാട്ടുന്നില്ല എന്നതാണ് വസ്തുത.

ഒരുകാര്യം അത്മായരായ ഞങ്ങൾക്ക് ഉറപ്പുണ്ട്: മാർപ്പാപ്പാ ഈ സഭയുടെ നന്മയ്ക്ക് ഉതകുന്ന കാര്യങ്ങളേ പ്രബോധിപ്പിക്കയുള്ളു. റോമിലെ പൗരസ്ത്യകാര്യാലയം വഴിയാണ് മാർപ്പാപ്പാ ഈ സഭയെ നയിക്കുക എന്നും വ്യക്തമായ ബോധ്യമുണ്ട്. ആയതിനാൽ പൗരസ്ത്യകാര്യാലയംവഴി മാർപ്പാപ്പാ സഭയുടെ നന്മയ്ക്കുതകുന്ന തീരുമാനങ്ങൾ അറിയിക്കുമ്പോൾ അതിനെ ഞങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യും. മാർപ്പാപ്പായുടെ തീരുമാനങ്ങൾ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്കെതിരേ ആര് ശബ്ദിച്ചാലും ഞങ്ങൾ പൊറുക്കില്ല. പാപ്പായു ടെ തീരുമാനം സമരക്കാരായ വൈദികർ ശപിച്ചുതള്ളുന്ന 'കൽദാ യവൽക്കരണ'ത്തിന് എതിരായാലും അനുകൂലമായാലും ഞങ്ങൾ സ്വാഗതം ചെയ്യും എന്നും അറിയിക്കട്ടെ.

## 8. രമ്യതയോടെ ബലിയർപ്പിക്കാൻ അവസരം തരണം

പരിശുദ്ധ കുർബാനയുടെ ടെക്സ്റ്റിൻെറപേരിൽ മെത്രാ ന്മാർ രണ്ടു ഗണമായി ചേരിതിരിഞ്ഞിരിക്കുന്നത് തീവ്രമായ വേദന ഉളവാക്കുന്നുണ്ട്. ഇത്തരുണത്തിൽ പ്രത്യക്ഷസമരപരിപാടികളു മായി വൈദികർ രംഗത്തുവന്നത് തികച്ചും നിർഭാഗ്യകരമായി പ്പോയി. അധികാരികളെ ധിക്കരിച്ചും മേലദ്ധ്യക്ഷന്മാരെ ഭത്സിച്ചും വാർത്തകൾ സൃഷ്ടിച്ചുകൊണ്ട് "രമ്യതയുടെ ശുശ്രൂഷകർ" (2കോറി. 5:18) തന്നെ അനൈക്യത്തിനും അച്ചടക്കരാഹിത്യത്തി നും വഴിമരുന്നിടുന്നത് സഭയെ വളർത്താനല്ല. അനുസരണ ക്കേടിൻെറ ഒരു 'ക്രൈസ്തവസംസ്ക്കാരം' രൂപംകൊള്ളുകയാണി വിടെ. പ്രസംഗപീഠത്തിൽ നിന്ന്, സ്നേഹം, ദയ, ക്ഷമ, അനു സരണം എന്നിവയെല്ലാം പ്രസംഗിച്ച ഞങ്ങളുടെ ആചാര്യന്മാർ അവ പാലിക്കുന്നതിൽ പിന്നോക്കം പോവുകയാണോ! രാഷ്ട്രീയ നേതാക്കളുടെയും സാമൂഹ്യപ്രവർത്തകരുടെയും അനീതിയിലും അക്രമത്തിലും സമൂഹത്തിൻെറ ധാർമ്മികാധപതനത്തിലും മനം നൊന്ത് പ്രസംഗിക്കുന്ന പുരോഹിതരെന്തേ സ്വന്തം തെറ്റുകൾ കാണുന്നില്ല? "നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങളും അളക്കപ്പെടും. നിൻെറ കണ്ണിലുള്ള തുലാം നോക്കാതെ നിൻെറ സഹോദരൻെറ കണ്ണിലെ തുരുമ്പു നോക്കുന്നതെന്ത്?" (മത്താ. 7: 2-3). ഈശോയുടെ ഈ വാക്കുകൾ ഞങ്ങളുടെ വൈദികർ മറന്നുപോയോ?

രമ്യതയുടെ ശുശ്രൂഷകരും മൂല്യങ്ങളുടെ കാവൽക്കാരുമായ വർ അകൃത്യങ്ങ ളുടേയും അരാജകത്വത്തിൻേറയും വ്യക്തിവൈ രാഗ്യത്തിൻേറയും ചെളിക്കുഴിയിൽ കിടന്നുരുളുന്ന ദയനീയമായ കാഴ്ചയാണ് നാമിന്ന് കാണുന്നത്. സ്നേഹത്തിൻേറയും അനു രഞ്ജനത്തിൻേറയും കൂദാശയായ വിശുദ്ധ കുർബാനതന്നെ ശണ്ഠകൂടാനുള്ള വിഷയമാക്കിയിരിക്കുന്നു. അല്മായർക്കു സമ



Christian Musicological Society of India
www.TheCMSIndia.org

യമില്ല എന്നു പഴിചാരി പരി. കുർബാന വെട്ടിച്ചുരുക്കുന്ന ഞങ്ങളുടെ ബഹു. വൈദികർക്ക് പിന്നെന്തുകാര്യത്തിനാണ് പ്രാധാന്യമെന്ന് ഞങ്ങൾ സംശയിച്ചുപോകുന്നു. ധ്യാനഭവനങ്ങളിലും ദൈവാലയങ്ങളിലും ഭവനങ്ങളിലും സുദീർഘമായ പ്രാർത്ഥനാശുശ്രൂഷകളിൽ സമാശ്വാസം കണ്ടെത്തുന്ന ഞങ്ങൾക്ക് വിശ്വാസത്തിൻെറ ആഘോഷമായ പരി. കുർബാന രമ്യതയുടെ ശുശ്രൂഷയായി, ഐക്യത്തിൻെറ പ്രഘോഷണമായി അനുഭവിക്കുവാൻ അവസരം തരണേ എന്നാണ് അപേക്ഷ.

## 9. ന്യൂനപക്ഷം

നാളിതുവരെ ഭൂരിപക്ഷമെത്രാന്മാരും അവരോട് കൂറു പുലർത്തുന്നവരും പറയുന്നത് കേൾക്കാനും പ്രവർത്തിക്കുന്നതു കാണാനും സഹകരിക്കാനും ഞങ്ങൾ തയ്യാറായി. ഇപ്പോൾ, ഞങ്ങൾക്ക് ശക്തമായ ഒരാഗ്രഹമുണ്ട് : ഈ ന്യൂനപക്ഷമെത്രാന്മാർ പറയുന്നതും പഠിപ്പിക്കുന്നതും എന്താണെന്നുകൂടി വ്യക്തമായി പഠിക്കണം. കാരണം, മറ്റൊന്നുമല്ല, പരിശുദ്ധ പിതാവിനുവേണ്ടി പൗരസ്ത്യസഭാകാര്യങ്ങൾ അന്വേഷിക്കുന്ന കാര്യാലയം ന്യൂനപക്ഷമെത്രാന്മാരെ പിന്താങ്ങുന്നു എന്ന് സമരത്തിനിറങ്ങിയ വൈദികർ ആവർത്തിച്ച് പ്രസ്താവിക്കുന്നു. എങ്കിൽ, ഈ പിന്തുണയ്ക്കു പിന്നിൽ എന്തെങ്കിലും കാര്യം ഉണ്ടാകുമല്ലോ. അതുകൊണ്ട് 'ന്യൂനപക്ഷ'ത്തിന് പറയാനുള്ളതുകൂടി ഞങ്ങൾക്കു കേൾക്കണം. അതിനു അനുയോജ്യമായ അവസരം ഞങ്ങൾക്ക് ഒരുക്കിത്തരണമെന്ന് ഞങ്ങളുടെ അഭിവന്ദ്യപിതാക്കന്മാരോട് ഞങ്ങൾ അപേക്ഷിക്കുന്നു. നമ്മിൽനിന്നും വ്യത്യസ്തമായി സഭാകാര്യങ്ങൾ നടത്തുന്ന ന്യൂനപക്ഷമെത്രാന്മാരുടെ ആശയങ്ങൾ അവരുടെ ആശയങ്ങൾ പങ്കുചേരുന്ന ദൈവശാസ്ത്രജ്ഞന്മാർ തന്നെ ഞങ്ങളെ പഠിപ്പിക്കുന്നതിന് സാഹചര്യം നൽകണം. ഇത് സീറോമലബാർസഭയിലെ ഏതൊരു വിശ്വാസിയുടേയും അവകാശമാണെന്നു ഞങ്ങൾ കരുതുന്നു.

## 10. അഭിനവ 'വേദോപദേശം'

ഫാദർ നെല്ലിശ്ശേരിയുടെ നേതൃത്വതത്തിൽ ദൈവജനത്തിന് ബോധവൽക്കരണപരിപാടികൾ നടത്തിവരികയാണല്ലോ. മാർ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പവ്വത്തിൽ മേജർ ആർച്ചുബിഷപ്പായാൽ മദ്ബഹായ്ക്കു വിരി ഇടാൻ നിർബന്ധിക്കും, ബേമ്മ എല്ലാ ദൈവാലയത്തിലും നിർബന്ധിതമാക്കും, ദീർഘമായ കുർബാനയർപ്പിക്കാൻ വൈദികർക്ക് കല്പനകൊടുക്കും, കുരിശുരൂപം എടുത്തുമാറ്റി ദൈവാലയങ്ങളിൽ 'മനിക്കേയൻ കുരിശു' സ്ഥാപിക്കും, യാമപ്രാർത്ഥന അടിച്ചേൽപ്പിക്കും, പരി. കുർബ്ബാനയുടെ വാഴ്‌വ്, നൊവേനകൾ, കൊന്തനമസ്കാരം, വണക്കമാസം എന്നിവ നിറുത്തലാക്കും എന്നിങ്ങനെ പോകുന്ന ബോധവൽക്കരണം ഒരുകാര്യം വ്യക്തമാക്കുന്നുണ്ട്. സഭാത്മകജീവിതത്തിൽ ശരിയായ പരിശീലനം നല്കാതെ ജനങ്ങളെ ഉപരിപ്ലവമായ ഭക്താനുഷ്ഠാനങ്ങളിൽമാത്രം വൈകാരികമായി ബന്ധപ്പെടുത്തി കൊണ്ടുപോകാമെന്ന വിചാരം ഇപ്പോഴും ഞങ്ങളുടെ വൈദികർ കൈവെടിഞ്ഞിട്ടില്ല. മാത്രമല്ല, പവ്വത്തിൽ പിതാവ് മുകളിൽപ്പറഞ്ഞ കാര്യങ്ങളിൽ എന്തുമനോഭാവം പുലർത്തുന്നു എന്ന് ജനത്തിന് കൃത്യമായി ബോധ്യവുമില്ല. ഈ സാഹചര്യത്തിൽ, അദ്ദേഹത്തോടുള്ള ശത്രുത രൂപപ്പെടുത്തുവാനും വളർത്തുവാനും സാധിക്കും. കഴിഞ്ഞദിവസം പ്രകാശനം ചെയ്ത 'സീറോമലബാർ സഭ പ്രതിസന്ധിയിൽ' എന്ന അഭിനവ'വേദോപദേശം' അത്യുഗ്രനായിട്ടുണ്ട്. 'അച്ചനും കൊച്ചനും' എന്ന ഹാസ്യവിജ്ഞാന പംക്തിയോട് ഇതിനെ തുലനം ചെയ്യുന്നത് ക്ഷമിക്കണം. നിങ്ങളുടെ പൊള്ളത്തരം മനസ്സിലാക്കിയ ജനം നിങ്ങളുടെ ഈ വിധ വേദോപദേശം പണ്ടേ തള്ളിക്കളഞ്ഞിരിക്കുന്നു എന്ന് മനസ്സിലാക്കിയാൽ നന്ന്.

അഭിനവ'വേദോപദേശം' നേരിട്ട് കാണാത്തവർക്ക് അതിന്റെ പ്രതിപാദനശൈലി എന്തെന്ന് അറിയണ്ടേ? കൊച്ചൻ അച്ചനോട് ചോദിക്കയാണ് : അച്ചാ, നിങ്ങൾ അച്ചന്മാര് എറണാകുളത്ത് സമരം ചെയ്യുകയും തെരുവിൽ പ്രകടനം നടത്തുകയും ചെയ്തുവെന്ന് പത്രത്തിൽ വായിച്ചല്ലോ, അതെന്താ? അച്ചൻ കൊച്ചനോട് മറുപടി പറഞ്ഞു: ഛേ! ഞങ്ങൾ സമരം ചെയ്തെന്നോ, പ്രകടനം നടത്തിയെന്നോ, നുണ. ഞങ്ങൾ ബസ്സിലിക്കായിൽ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു. കർദ്ദിനാൾ തിരുമേനിയെ സന്ദർശിച്ച് സഭാകാര്യങ്ങളെ സംബന്ധിച്ച് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. അതിനെ ദുർവ്യാഖ്യാനം ചെയ്തതാ സമരം, പ്രകടനം എന്നൊക്കെ. ഇങ്ങനെ ചോ



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദ്യോത്തര രീതിയിൽ നുണ പറഞ്ഞുകൊടുത്ത് ജനത്തിൻെറ കണ്ണിൽ പൊടിഇടുന്ന വൈദികരുടെ വക്രത നിശ്ചയമായും സമീപകാലത്തുതന്നെ മുഴുവൻ ജനവും മനസ്സിലാക്കും. ശിക്ഷണബോധം പുലർത്തുകയും സഭാത്മകജീവിതത്തിൽ അർത്ഥം കാണുകയും ചെയ്യുന്നതുകൊണ്ട്, തരംതാണ, പ്രകോപനപരവും നുണക്കഥകൾ നിറഞ്ഞതുമായ പ്രചാരണങ്ങൾക്ക് വസ്തുതകൾ മനസ്സിലാക്കുന്ന അല്മായർ അതേ നാണയത്തിൽ പ്രതികരിക്കാത്തത് ബലഹീനതയായി എണ്ണരുതേ എന്നൊരു അഭ്യർത്ഥനയുണ്ട്. സത്യം വിജയിക്കും എന്ന വിശ്വാസം സംയമനം പാലിക്കുന്നവാൻ ഞങ്ങൾക്ക് ഉൾപ്രേരണയും ശക്തിയും തരുന്നു.

## 11. മെത്രാൻ നിയമനം മാർപ്പാപ്പായ്ക്ക്

തെരുവിലറങ്ങി പ്രകടനം നടത്താനും, പൗരസ്ത്യകാര്യാലയത്തിനും മാർ പവ്വത്തിലിനുമെതിരെ സമരംചെയ്യാൻ ദൈവജനത്തിന് പ്രേരണകൊടുക്കാനും വൈദികർ തയ്യാറായിക്കഴിഞ്ഞു. ഈ സ്ഥിതിയിൽ, മെത്രാൻ തെരഞ്ഞെടുപ്പ് ഈ സഭയെ ഏല്പ്പിച്ചാൽ രാഷ്ട്രീയക്കാർ നടത്തുന്നതുപോലെ വോട്ടുപിടുത്തം നടത്തുവാനും ഇക്കൂട്ടർ മടിക്കുമെന്ന് തോന്നുന്നില്ല. സീറോമലബാർ സഭയിൽ മെത്രാന്മാർക്ക് ഒരു നേതൃത്വത്തിൻകീഴിൽ ഐക്യപ്പെട്ട് പ്രവർത്തിക്കാൻ കഴിയുന്ന കാലംവരെ, ഈ സഭയ്ക്ക് മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള അധികാരം, ഈ സഭാനേതൃത്വത്തിന് നൽകല്ലേ എന്നാണ് പരിശുദ്ധ പിതാവിനോടുള്ള ഞങ്ങളുടെ അപേക്ഷ. പിന്നിട്ട ഒരു നൂറ്റാണ്ടുകാലം ചെയ്തതുപോലെ, സഭയിൽ അച്ചടക്കം ഉണ്ടാകുന്നതുവരെ, മാർപ്പാപ്പാ നേരിട്ട് മെത്രാൻ നിയമനം നടത്തിയാൽ മതി. തെരഞ്ഞെടുപ്പിൽ തോറ്റ മെത്രാൻസ്ഥാനാർത്ഥിയുടെ പേരിൽ കുരിശുയുദ്ധം നടത്തുവാനൊന്നും ഞങ്ങൾക്കു വയ്യ.

മലബാർ ചർച്ച് ആക്ഷൻ കൗൺസിലിനും ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിക്കും ഇപ്പോഴെന്താ മാർപ്പാപ്പായേയും പൗരസ്ത്യ കാര്യാലയത്തേയും വേണ്ടാത്തത്? എറണാകുളത്തെ മുൻമെത്രാപ്പോലീത്താ ജോസഫ് പാറേക്കാട്ടിലിനെ കർദ്ദിനാളായി ഉയർത്തിയപ്പോൾ റോം നല്ലത് ചെയ്തു! മേജർ ആർച്ചുബിഷപ്പിൻെറ



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആസ്ഥാനമായി എറണാകുളം നിശ്ചയിച്ചപ്പോൾ റോം ഭംഗിയായി പ്രവർത്തിച്ചു! കർദ്ദിനാൾ മാർ പടിയറയെ മേജർ ആർച്ചുബിഷപ്പാക്കിയപ്പോഴും റോം വേണ്ടത് ചെയ്തു! അന്നൊക്കെ പൗരസ്ത്യ കാര്യാലയത്തിലെ 'ഉദ്യോഗസ്ഥന്മാർ' അഭിമതരായിരുന്നു! ഇപ്പോഴെന്തേ റോമിനെ തള്ളിപ്പറയാൻ, സ്വാതന്ത്ര്യത്തിന്റെ പെരുമ്പറയടിക്കാൻ കാരണം? സീറോമലബാർ സഭയെന്നാൽ എറണാകുളം അതിരൂപതയാണെന്ന ഒരു ധാരണ എറണാകുളത്തെ ചില 'പ്രമുഖന്മാർ' പുലർത്തുന്നുണ്ട്. ഇതിന് നീതികരണമുണ്ടോ? ഈ പ്രമുഖന്മാർ പറയുന്നത് സഭയിലെ മെത്രാന്മാരും റോമിലെ പൗരസ്ത്യസംഘവും അനുസരിച്ചില്ലെങ്കിൽ സഭയിൽ പിളർപ്പുണ്ടാക്കുമത്രേ! പിളർപ്പെന്ന ഓലപ്പാമ്പ് കാണിച്ചാൽ ഇന്ന് ഈ സഭയിൽ ആരും ഭയപ്പെടില്ല. അങ്ങനെ പിളർത്താൻ ശ്രമിച്ചാൽ പ്രസ്തുത പ്രമുഖന്മാർ സഭാഗാത്രത്തിൽനിന്നും പിഴുതുമാറ്റപ്പെടും; ദൈവജനം അവരുടെ പിറകിൽ ഉണ്ടാവില്ല.

അതുകൊണ്ട് ഭീഷണിയുടെ മാർഗ്ഗം ഉപേക്ഷിച്ച്, ഓരോ രൂപതയിലുമുള്ളവർ സീറോമലബാർ സഭയുടെ ഭാഗമാണെന്ന് അംഗീകരിക്കാനും ഈ സഭയിലെ ഏതൊരു മെത്രാനും സഭയുടെ മേജർ ആർച്ചുബിഷപ്പാകാനുള്ള യോഗ്യതയുണ്ടെന്നു സമ്മതിക്കാനും തയ്യാറാകണം. ഒരേ ശ്ലൈഹികപാരമ്പര്യത്തിൽ രൂപപ്പെട്ട സഭകളെന്നനിലയിൽ പൗരസ്ത്യസുറിയാനിസഭയും മാർത്തോമ്മാനസ്രാണികളും സ്വന്തമായി കണ്ടതും വിലപ്പെട്ടതായി മാനിച്ചതുമായ ശ്ലൈഹികലിറ്റർജി ആഴത്തിൽ പഠിക്കാൻ തയ്യാറായാൽ ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

### 12. ഉപസംഹാരം

"സദസ്യരുടെ സംശയങ്ങൾക്കു വ്യക്തമായ മറുപടി വേണമെന്ന് ചിലർ ആവശ്യപ്പെട്ടതിനെതുടർന്ന് ഒരുഘട്ടത്തിൽ സമ്മേളനത്തിൽ ശബ്ദായമാനമായ രംഗങ്ങൾ അരങ്ങേറി." "സഭാധിപനെ തെരഞ്ഞെടുക്കാൻ സഭാസിനഡിനെ അനുവദിക്കണം" എന്ന പേരിൽ മലബാർ ചർച്ച് ആക്ഷൻ കൗൺസിലിന്റെ തൃശൂർ സമ്മേളന റിപ്പോർട്ടിന്റെ അവസാനഭാഗമാണ് മുകളിൽ ഉദ്ധരിച്ചത് (മാതൃഭൂമി, 29-9-96, പേജ് 11). തൃശൂരിൽ സദസ്യരുടെ സംശയ



Christian Musicological Society of India
www.TheCMSIndia.org

ങ്ങൾക്ക് മറുപടി പറയാൻ ഫാ. നെല്ലിശ്ശേരിക്കും കൂട്ടുകാർക്കും കഴിയുന്നില്ലെങ്കിൽ, നിങ്ങൾ എന്തിന് പ്രകടനം നടത്തുന്നു, എന്തിന് സമരം ചെയ്യുന്നു, എന്തിന് വാൾപോസ്റ്റർ യുദ്ധം നടത്തുന്നു. എന്തിന് പത്രമാധ്യമങ്ങളിലൂടെ സഭയിൽ പിളർപ്പ് എന്ന ഭീഷണി മുഴക്കുന്നു എന്ന് വ്യക്തമായി പറയാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല എന്ന് ഓർക്കുന്നത് നന്ന്. ഒരു രൂപതാദ്ധ്യക്ഷനെ മറ്റൊരു രൂപതാ കേന്ദ്രത്തിലെ ഭദ്രാസനദൈവാലയവികാരിയുടെ നേതൃത്വത്തിൽ തേജോവധം ചെയ്യുന്ന പ്രാകൃതശൈലിയും ദൈവജനത്തിന് ഉൾക്കൊള്ളാൻ സാധിക്കില്ല.

സഭയിൽ ഐക്യവും അച്ചടക്കവും പുനസ്ഥാപിക്കാൻ മിശിഹായുടെ ഔദാര്യമനോഭാവത്തോടും ധീരതയോടുംകൂടി മെത്രാന്മാർ പ്രവർത്തനനിരതരാകേണ്ട സമയം അതിക്രമിച്ചു. സഭയിൽ അച്ചടക്കരാഹിത്യത്തിന് നേതൃത്വം നല്കുന്നവർ എത്ര ഉന്നതന്മാരായാലും ശിക്ഷണനടപടികളെടുക്കാനും ഇനി വൈകിക്കൂടാ. മെത്രാന്മാരുടെ പിന്തുണയും പ്രോത്സാഹനവും ഞങ്ങൾക്കുണ്ടെന്നു സമരക്കാർ അവകാശപ്പെട്ട സാഹചര്യത്തിൽ മെത്രാന്മാർക്ക് സഭയോട് കൂറും ആത്മാർത്ഥതയുമുണ്ടെങ്കിൽ അത് പ്രവൃത്തികളിൽ പ്രത്യക്ഷമാക്കണം. ഞങ്ങളുടെ ആത്മപാലകരായ വൈദികർക്ക്, ദൈവാരാധനയിൽ ഞങ്ങൾക്ക് യോഗ്യമായ പരിശീലനം തരാനും മാതൃകതന്ന് അനുഗ്രഹിക്കാനും കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞങ്ങൾ ആശിക്കുന്നു. വൈദികരോട് സമൂഹത്തിൽനിന്നും അറ്റുപോകാത്ത ആദരവ് ഇല്ലായ്മചെയ്യല്ലേ എന്ന ഒരു അപേക്ഷ കൂട്ടിച്ചേർക്കുന്നു.

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, വിളിക്കപ്പെട്ടവരാകാൻ അവൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളവർക്ക്, സകലത്തിലും അവൻ നന്മയ്ക്കായി സഹായം ചെയ്യുന്നു എന്നു നാം അറിയുന്നു" (റോമാ. 8:28). ഈ വാക്കുകളിൽ അത്മായരായ നമുക്ക് പരസ്പരം ആശ്വസിപ്പിക്കാം. പ്രതീക്ഷാനിർഭരമായ ഹൃദയത്തോടുകൂടി ഉള്ളുരുകി പ്രാർത്ഥിക്കാം. സഭയെ പഠിക്കാനും, സ്നേഹിച്ചു വളർത്തുവാനും സദാ ജാഗരൂകരായിരിക്കാം.

*മാത്യു എം.വി. മാപ്പുചേരിൽ*
*മാർത്തോമ്മായോഗം എറണാകുളം*
*അതിരൂപതാ സെക്രട്ടറി.*

*എരൂർ നോർത്ത്*
*30-9-'96*



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

www.TheCMSIndia.org

From

Thomas Joseph
Kurisumkalparambil
Moonnilavu P.O., 686 586
Kottayam Dt.

Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS